പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4913 23.03.2018 -ലെ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാസയോഗ്യമായ ഭവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ധനസഹായം നേരിട്ട് നൽകുമ്പോൾ ധനവിനിയോഗത്തിലെ സൂക്ഷ്മതക്കുറവ് കൊണ്ട് അവർ പണം നഷ്ടപ്പെടുത്തി കളയുകയും അത് കാരണം കടക്കെണിയിൽ പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. ടി തുക 4 ഗഡുക്കളായി 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. ലഭ്യമാകുന്ന നിശ്ചിത ഗഡു തുക ഉപയോഗിച്ച് നിശ്ചിത ഘട്ടം പണി പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ നൽകുന്നു. നിശ്ചിത ഘട്ടം പണി പൂർത്തിയാകാതെ അവശേഷിക്കുന്ന 2007-08 വർഷം മുതലുള്ള ഗുണഭോക്താക്കൾക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം തുടർന്നുള്ള ഗഡുക്കൾ നൽകുന്നുണ്ട്. 2007-08 മുതൽ 2013-14 വർഷം വരെ തിരഞ്ഞെടുക്കപ്പെട്ടവരിൽ പഴയ നിരക്കിൽ (2 ലക്ഷം രൂപ വരെ) നിശ്ചിത ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തീകരിക്കാത്തവർക്ക് പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ നിശ്ചിത ഗഡു തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായവും നൽകി വരുന്നുണ്ട്. കൂടാതെ |
| (ബി) | എങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പണം നൽകുന്നതിന് പകരം ഭവന നിർമ്മാണ വകുപ്പ് വാസയോഗ്യമായ ഭവനം, ഹാബിറ്റാറ്റും മറ്റ് സർക്കാർ ഏജൻസികളും വഴി അവർക്ക് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | സ്പിൽ ഓവർ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നേരിട്ട് നൽകുമ്പോൾ ധനവിനിയോഗത്തിലെ സൂക്ഷ്മത കുറവ് കൊണ്ട് പണം നഷ്ടപ്പെടുത്തി കളയുകയും അത് കാരണം കടക്കെണിയിൽപെട്ടുകയും ചെയ്യേണ്ടുന്ന സാഹചര്യം നിലവിലില്ല. മാത്രവുമല്ല, ഭവനരഹിതർക്ക് അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് ധനസഹായം നൽകി വരുന്നത് എന്നതിനാൽ സ്വന്തമായി വീട് എന്ന സ്വപ്നം പൂർത്തീകരിക്കുന്നതിന് ഇത് ഏറെ പ്രയോജനപ്പെട്ടുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ